LIBRARY ARCHIVES Kerala Legislative Assembly

ജീവൻരക്ഷാ ഔഷധങ്ങളുടെ ലഭ്യത

3 (1720) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ അത്യാവശ്യം വേണ്ടുന്ന പല ജീവൻരക്ഷാ ഔഷധങ്ങളും പേയിംഗ് കൗണ്ടറിലൂടെ ലഭ്യമാകാത്ത സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിയന്തിരഘട്ടങ്ങളിൽ ഗുരുതരമായ രോഗ ചികിത്സക്കാവശ്യമായ ജീവൻരക്ഷാ ഔഷധങ്ങൾ ന്യായവിലയ്ക്ക് എല്ലാ ജില്ലകളിലും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീവൻരക്ഷാ മരുന്നുകൾ അടക്കമുള്ള 529 ഇനം അവശ്യ മരുന്നുകൾ (essential drugs) വിവിധ ആശുപത്രികളിൽനിന്നും ലഭിക്കുന്ന വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. അതിനാൽ ആവശ്യത്തിന് മരുന്നു ലഭ്യമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(ബി) ക്യാൻസർ, കിഡ്നി, ഹൃദയസംബന്ധമായ രോഗങ്ങൾ തുടങ്ങിയവയുടെ ചികിത്സക്കാവശ്യമായ ജീവൻരക്ഷാ ഔഷധങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് ഡോക്ടർമാരുടെ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി കമ്മിറ്റി നിർദ്ദേശിക്കുന്ന മരുന്നുകൾ മെഡിക്കൽ സർവീസ് കോർപ്പറേഷൻവഴി വിതരണംചെയ്യുന്നകാര്യം പരിശോധിച്ചുവരുന്നു.

ജീവൻരക്ഷാ മരുന്നുകൾ ഉൽപ്പാദിപ്പിക്കാൻ കമ്പനി ആരംഭിക്കാൻ നടപടി

4 (1721) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ പൊതുമേഖലയിൽ കമ്പനികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) മെഡിക്കൽ സ്റ്റോറുകളിലൂടെ ഇതേയിനത്തിലുള്ള 'ചാത്തൻ' മരുന്നുകൾ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം വ്യാജമരുന്നുകൾക്ക് ഗുണനിലവാരമുണ്ടോ എന്നു പരിശോധന നടക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.